**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 293** **22-07-2021 - ൽ മറുപടിയ്ക്ക്**

**ബാങ്കിംഗ് നിയമ ഭേദഗതിയും സഹകരണ മേഖലയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ എ കെ എം അഷ്റഫ്,<br>ശ്രീ. യു.എ.ലത്തീഫ് | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാരിന്റെ ബാങ്കിംഗ് നിയമഭേദഗതി മൂലം സഹകരണ മേഖലയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | i. ബാങ്കിംഗ് ഭേദഗതി നിയമത്തിൽ വരുത്തിയ ഭേദഗതി നിർദ്ദേശങ്ങൾ കാർഷിക വായ്പ നൽകുന്ന പ്രാഥമിക സംഘങ്ങൾക്ക് ബാധകമല്ല. പ്രസ്തുത സ്ഥാപനങ്ങൾ 'Bank, Banking' എന്നീ പദങ്ങൾ സംഘങ്ങളുടെ പേരിനോടൊപ്പം ചേർത്ത് ഉപയോഗിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയ ഭേദഗതിമൂലം ഇപ്പോൾ ബാങ്ക് നടത്തി വരുന്ന ചെക്ക് പോലുള്ള സൗകര്യങ്ങൾ നൽകാനാവില്ല. ടി ഭേദഗതി പ്രാഥമിക സംഘങ്ങളെ (ബാങ്ക് എന്ന പേരിൽ) Banking പ്രവർത്തനങ്ങൾ നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നു. തന്മൂലം Bank എന്ന പേരിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ മതിപ്പ് ഇല്ലാതാക്കാനും ആയത് വഴി നിക്ഷേപത്തിൽ കുറവു വരുന്നതിനും കാരണമാകും. ii. പുതിയ ഭേദഗതിയിലൂടെ സെക്ഷൻ 10 ലെ വ്യവസ്ഥകൾ സഹകരണ ബാങ്കുകൾക്കും ബാധകമാക്കുകയുണ്ടായി. ഈ നിയമത്തിലെ വ്യവസ്ഥ പ്രകാരം, സഹകരണ ബാങ്കിന്റെ ചെയർമാന് മറ്റൊരു ബാങ്കിൽ ചെയർമാനോ അംഗമോ ആകാൻ കഴിയില്ല. പ്രസ്തുത നിയമ വ്യവസ്ഥകൾ പ്രകാരം മാനേജിംഗ് ഡയറക്ടറുടെ നിയമനത്തിനുള്ള യോഗ്യതയും നിയമന കാലാവധിയും നിശ്ചയിക്കുന്നതിനുള്ള അധികാരം റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ അർപ്പിതമാണ്. 10(B) യിലെ വ്യവസ്ഥകൾ ചെയർമാന്റെ യോഗ്യത നിശ്ചയിക്കുന്നതാണ്. ചെയർമാനെ നിയമിക്കുന്നതിനും, നീക്കം ചെയ്യുന്നതിനും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് അധികാരം നൽകുന്നുണ്ട്. ടി ഭേദഗതികളെല്ലാം സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്. iii. സെക്ഷൻ 12 ൽ വരുത്തിയ ഭേദഗതി മൂലം ജില്ലാ സഹകരണ |

| | | | |
|---|---|---|---|
| | | | ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് RBI യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം public issue, private placement of share, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത്, ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരം ഇല്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും, വ്യവസ്ഥകൾക്കും വിരുദ്ധമാണ്. iv. ബാങ്കിംഗ് നിയമത്തിലെ 36 AA നിയമപ്രകാരം, ബാങ്കിംഗ് സ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയെ supersede ചെയ്യാൻ RBI യ്ക്ക് അധികാരമുണ്ട്. നിയമ ഭേദഗതിയിലൂടെ 36AAA എന്ന പുതിയ ഭേദഗതി ഉൾപ്പെടുത്തുകയുണ്ടായി. ഈ ഭേദഗതിയിലൂടെ സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഭരണ സമിതിക്കെതിരെ നടപടിയെടുക്കാൻ RBI യ്ക്ക് അധികാരമുണ്ട്. v. ടി നിയമ ഭേദഗതിയിലൂടെ ബാങ്കുകളുടെ ഭരണ സമിതിയെ നീക്കം ചെയ്യാൻ RBI യ്ക്ക് അധികാരം നൽകുന്നുണ്ട്. vi. ആക്ടിന്റെ 56-ാം വകുപ്പിൽ വരുത്തിയ ഭേദഗതിയിലൂടെ, സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ RBI യ്ക്ക് വിപുലമായ അധികാരം നൽകുന്നുണ്ട്. സംഘത്തിന്റെ Bye-law റദ്ദാക്കാൻ പോലും RBI യ്ക്ക് അധികാരം നൽകുന്നുണ്ട്. കൂടാതെ 20, 24, 36, 45 വകുപ്പുകളിലും ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതെല്ലാം സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തമായി ബാധിക്കുന്നതാണ്. |
| (ബി) | ഈ നിയമഭേദഗതി മൂലം സഹകരണ മേഖലയിലുണ്ടാകുന്ന പ്രതിസന്ധി എപ്രകാരം തരണം ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | ബാങ്കിംഗ് നിയമ(ഭേദഗതി) 2020 ബിൽ, നിയമമാകുന്നതിന് മുൻപ് ഈ നിയമത്തിലെ, സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് 14-ാം കേരള നിയമസഭ ഒരു പ്രമേയത്തിലൂടെ ഐക്യകണ്ഠേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങൾ മുഖാന്തിരവും പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ബിൽ നിയമമായതിനു ശേഷമുള്ള ഭാവി നടപടികൾ ചർച്ച ചെയ്യുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു സർവ്വകക്ഷി യോഗം വിളിച്ചുചേർക്കുന്നതിന് തീരുമാനിച്ചിരുന്നെങ്കിലും പൊതു തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിലും കൊവിഡുമായി ബന്ധപ്പെട്ട് ലോക്ക്ഡൗൺ നടപ്പിലാക്കിയിരുന്നതിനാലും ടി യോഗം വിളിച്ചു ചേർക്കുന്നതിന് കഴിഞ്ഞിരുന്നില്ല. പ്രസ്തുത യോഗം വിളിച്ചു ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ